പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1953 — 22-03-2012-ൽ മറുപടിക്ക്.

## കള്ളുഷാപ്പ് തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കുറ്റിപ്പുറം മദ്യദുരന്തത്തിനുശേഷം പൊന്നാനി താലൂക്കിലെ കള്ളുഷാപ്പുകൾ അടച്ചുപൂട്ടിയതിനാൽ ഷാപ്പ് തൊഴിലാളികളുടെ കുടുംബങ്ങൾ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആവശ്യമായ പരിശോധനാ സംവിധാനത്തോടെ ഇവ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പൊന്നാനി റേഞ്ചിലെ കള്ളുഷാപ്പുകൾ, പരസ്യ വിൽപ്പനയിൽ ഏറ്റെടുത്ത് നടത്താൻ ആരും തയ്യാറായില്ല. 23-12-2011-ലെ ജി.ഒ. (എം.എസ്) 203/11/നി.വ. നമ്പർ പ്രകാരം, ടി റേഞ്ചിലെ 5 ഗ്രൂപ്പുകളിൽ പ്പെട്ട 27 കള്ളുഷാപ്പുകളുടെ നടത്തിപ്പ് 27-02- 2012 -ന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) ഇനി ഇവ തുറക്കാൻ കഴിയില്ല എങ്കിൽ തൊഴിലാളികൾക്ക് സംരക്ഷണവും ബദൽ തൊഴിൽമാർഗ്ഗങ്ങളും ഏർപ്പെടുത്താൻ ശ്രമിക്കുമോ;<br>(ഡി) എങ്കിൽ എന്തു നടപടി എടുക്കുമെന്ന് വ്യക്തമാക്കുമോ? | (സി)യും, (ഡി)യും.<br>തുറന്നു പ്രവർത്തിക്കാത്ത കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി, ഷാപ്പിന്റെ റെന്റൽ, പ്രതിമാസം ഷാപ്പൊന്നിന് 500 രൂപയായി കുറച്ചു നൽകുകയും, ക്ഷേമനിധി, തൊഴിലാളികളുടെ ശമ്പളം എന്നിവ മുൻകൂറായി അടയ്ക്കണമെന്ന വ്യവസ്ഥകൾഒഴിവാക്കിക്കൊണ്ടും തൊഴിലാളി കമ്മിറ്റികൾ ക്ക് ഏൽപ്പിച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ